പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.3719 — 20.7.2015 -ൽ മറുപടിയ്ക്ക്

## ചേലക്കര ആർട്സ് & സയൻസ് കോളേജ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ചേലക്കര നിയോജക മണ്ഡലത്തിൽ പുതുതായി പ്രവർത്തനം ആരംഭിച്ച ആർട്സ് & സയൻസ് കോളേജിന്റെ ഭൗതിക സൗകര്യങ്ങൾ സജ്ജമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;<br><br>(ബി) കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് വകുപ്പിന്റെ പദ്ധതി തുകയിൽ നിന്ന് എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ ;<br><br>(സി) ഇല്ലെങ്കിൽ ഈ വർഷത്തെ പദ്ധതിയിൽ നിന്നും കോളേജിനുവേണ്ടി ആവശ്യമായ തുക അനുവദിച്ച് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും | ചേലക്കര നിയോജക മണ്ഡലത്തിൽ പുതുതായി പ്രവർത്തനം ആരംഭിച്ച സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ ഭൗതിക സൗകര്യങ്ങൾ സജ്ജമാക്കുന്നതിന്റെ ഭാഗമായി 2014-15 സാമ്പത്തിക വർഷത്തിൽ 5 ലക്ഷം രൂപയും 2015-16 സാമ്പത്തിക വർഷത്തിൽ 9 ലക്ഷം രൂപയും പദ്ധതിവിഹിതത്തിൽ നിന്നും അനുവദിച്ച നൽകിയിട്ടുണ്ട്.കൂടാതെ കോളേജിന്റെ ആവശ്യത്തിലേയ്ക്കായി 7.70 ലക്ഷം രൂപയുടെ ഫർണിച്ചറും, ഇലക്ട്രോണിക് ഉപകരണങ്ങളും സിഡ്കോയിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്.<br><br>ബഹു.എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ വിനിയോഗിച്ച് കോളേജിന് ആവശ്യമായ 5ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങിയിട്ടുണ്ട്. കൂടാതെ അക്കാഡമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി ഒരു കോടി രൂപയും ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ